"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - "കോന്നി കരിയാട്ടം" എന്ന പേരിൽ കോന്നിയിൽ ഓണക്കാലത്ത് നടത്തുന്ന ടൂറിസം വാരാഘോഷത്തിന്, പ്രത്യേക കേസായി പരിഗണിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്

G.O.(Rt)No.1738/2023/LSGD തീയതി,തിരുവനന്തപുരം, 25-08-2023

---

പരാമർശം:- 1. 04-07-2023 തീയതിയിലെ Kni/2596/23 നംമ്പർ കത്ത്.

**ഉത്തരവ്**

കോന്നിയിൽ ഓണക്കാലത്ത് "കോന്നി കരിയാട്ടം" എന്ന പേരിൽ 15 ദിവസം നീണ്ടു നിൽക്കുന്ന ടൂറിസം മേള സംഘടിപ്പിക്കുന്നുണ്ടെന്നും ഗ്രാമീണ ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരണം ലക്ഷ്യമാക്കി നടത്തുന്ന ടൂറിസം മേളയ്ക്ക് കോന്നി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വീതം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശ പ്രകാരം നിവേദനം ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിനോദസഞ്ചാര വികസനവും ഓണാഘോഷവുമായി ബന്ധപ്പെട്ട് കോന്നിയിൽ നടത്തുന്ന ടൂറിസം മേള പ്രത്യേക കേസായി പരിഗണിച്ച് കോന്നി നിയോജക മണ്ഡലത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം)രൂപ വരെ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Arun Menon K A S
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം. എക്സി. എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

G.O.(Rt)No.1738/2023/LSGD

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.

ബഹു. കോന്നി എം എൽ എയുടെ പി എയ്ക്ക്.